*പ്രസിദ്ധീകരണത്തിന്*

# എം.എസ്. റാവുത്തറുടെ വിയോഗം തൊഴിലാളികൾക്ക് തീരാനഷ്ടം: കെ. മുരളീധരൻ എം.എൽ.എ.

സ്ഥാനമാനങ്ങൾ ആഗ്രഹിക്കാത്ത ട്രേഡ് യൂണിയൻ നേതാവ് ആയിരുന്നു എം.എസ്. റാവുത്തർ എന്ന് കെ. മുരളീധരൻ എം.എൽ.എ. കൊടിയുടെ നിറം നോക്കാതെ തൊഴിലാളികൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുകയും വൈദ്യുതി മേഖലയുമായുള്ള വിഷയങ്ങളിൽ അഗാധപാണ്ഡിത്യവുമുള്ള വ്യക്തിയുമായിരുന്നു എം.എസ്. റാവുത്തർ എന്നും അദ്ദേഹം പറഞ്ഞു. ഇന്ന് തിരുവനന്തപുരം മുസ്ലീം അസോസിയേഷൻ ഹാളിൽ നടന്ന എം.എസ്. റാവുത്തർ ഒന്നാം ചരമ വാർഷിക അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡി.സി.സി. പ്രസിഡന്റ് കെ. മോഹൻകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണ സമ്മേളനത്തിൽ കെ.ഒ. ഹബീബ്, സിബിക്കുട്ടി ഫ്രാൻസിസ്, വി.ആർ. പ്രതാപൻ, സി. ബാബുക്കുട്ടൻ, വി. ഗോപകുമാർ, ഷാനവാസ്, സത്യരാജൻ, ഷാജഹാൻ, ചാല നാസർ തുടങ്ങിയവർ സംസാരിച്ചു.

വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കോൺഫെഡറേഷന്റെ ചിലവിൽ വൈദ്യുതി എത്തിച്ചു കൊടുത്തതിന്റെ കൺസ്യൂമർ കാർഡുകൾ കെ. മുരളീധരൻ വിതരണം ചെയ്തു. ജന്മനാ വൈകല്യമുള്ള കുട്ടികൾക്ക് വീൽചെയർ നൽകുന്ന ചടങ്ങ് കെ. മോഹൻകുമാർ നിർവ്വഹിച്ചു. അനുസ്മരണത്തോടനുബന്ധിച്ച് കോൺഫെഡറേഷൻ പ്രവർത്തകർ രക്തദാനവും നടത്തി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കോൺഫെഡറേഷന്റെ ചിലവിൽ വൈദ്യുതി കണക്ഷൻ നല്കിയതിലൂടെ പുതിയൊരു ട്രേഡ് യൂണിയൻ സംസ്കാരമാണ് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ തുടങ്ങി വച്ചതെന്നും കെ. മുരളീധരൻ കൂട്ടിച്ചേർത്തു.

**സിബിക്കുട്ടി ഫ്രാൻസിസ്**
ജനറൽ സെക്രട്ടറി
9447303578